# പതിനാലാം കേരള നിയമസഭ

## അഞ്ചാംസമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1838
### 04.05.2017 ലെ മറുപടിയ്ക്ക്

**ഇ-ട്രഷറി സംവിധാനം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | **ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ മന്ത്രി ശ്രീ. റ്റി. എം. തോമസ് ഐസക്ക്** |
| (എ) | സംസ്ഥാനത്തെ ട്രഷറികളിൽ ഇ-ട്രഷറി സംവിധാനം ഏർപ്പെടുത്തിയിട്ടും ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ വഴി പണമൊടുക്കുന്നതിന് സംവിധാനമൊരുക്കി യിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ- ട്രഷറി സംവിധാനത്തിൽ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഡെബിറ്റ് കാർഡ് സംവിധാനം പ്രാവർത്തികമാക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | നോട്ട് ക്ഷാമം തുടരുന്ന സാഹചര്യത്തിൽ പി.ഒ.എസ് സംവിധാനം ട്രഷറികളിൽ ഏർപ്പെടുത്താത്തത് വളരെയേറെ ബുദ്ധി മുട്ടുണ്ടാക്കുന്നതും ഇ-ട്രഷറി സംവിധാനത്തെ പരാജയപ്പെടുത്തുന്ന തുമാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | നോട്ട് ക്ഷാമം മൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ റിസർവ് ബാങ്ക് അധികാരികളെ പല പ്രാവശ്യം അറിയിച്ചിട്ടുണ്ട്. പി.ഒ.എസ്. സംവിധാനം ഏർപ്പെടുത്താത്തത് ട്രഷറികളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതായി കരുതുന്നില്ല. ഇ -ട്രഷറി വഴി ഓൺലൈനായാണ് തുകകൾ കൈമാറ്റം ചെയ്യപ്പെടുന്നത്. ആയതിനാൽ നോട്ട് ക്ഷാമം ഇ-ട്രഷറി സംവിധാനത്തെ കാര്യമായി ബാധിച്ചിട്ടില്ല. |
| (സി) | സംസ്ഥാനത്തെ ട്രഷറി സേവനങ്ങൾ കാലോചിതമായി പരിഷ്കരിക്കാത്തത് മൂലം ഇടപാടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് യഥാസമയം പരിഹരിക്കുന്നതിന് പി.ഒ.എസ് സംവിധാനമുൾപ്പെടെ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ട്രഷറി സേവനങ്ങൾ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. പി.ഒ.എസ്. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഇ-ട്രഷറി, കോർബാങ്കിംഗ്, ഓൺലൈനായി ബില്ലുകൾ സമർപ്പിച്ച് പാസാക്കുന്ന സംവിധാനം, റിസർവ് ബാങ്ക് പോർട്ടൽ വഴി ഓൺലൈനായി തുക ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്ന സംവിധാനം തുടങ്ങിയവ നടപ്പിലാക്കിക്കഴിഞ്ഞു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ